പാലക്കാട് ജില്ലയിലെ ഡിപ്പോകളിൽനിന്നുള്ള ബസ് സർവ്വീസുകൾ

70 [3584] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകളിൽ എത്രയെണ്ണം സ്പെയർ പാർട്സുകളും, ടയറുകളുമില്ലാത്തതിനാൽ നിന്നുപോയിട്ടുണ്ട്;

(ബി തൽഫലമായി പ്രതിദിനം കളക്ഷനിൽ എത്ര കുറവ് വന്നിട്ടുണ്ട്;

(സി) ജില്ലയിൽ പ്രതിദിനം ശരാശരി ലഭിച്ചിരുന്ന കളക്ഷൻ എത്ര;

(ഡി) ദീർഘകാലമായി നിലനിൽക്കുന്ന സർവ്വീസുകൾക്ക് പ്രത്യേകമായി ബസ്സും, ജീവനക്കാരെയും തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവ നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; അവ നടപ്പിലാക്കുന്നില്ലെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ബസ്സുകൾ ഒന്നും തന്നെ സ്പെയർ പാർട്സും ടയറും ഇല്ലാതെ നിന്നുപോയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പാലക്കാട് ജില്ലയിലെ പാലക്കാട് ഡിപ്പോ, ചിറ്റൂർ സബ്ഡിപ്പോ, മണ്ണാർക്കാട്, വടക്കാഞ്ചേരി എന്നീ ഓപ്പറേറ്റിംഗ് സെന്റർ എന്നിവിടങ്ങളിൽ നിന്നായി 2005 ജൂലൈ മാസത്തെ കണക്കനുസരിച്ച് പ്രതിദിനം 8,64,521 രൂപ ശരാശരി കളക്ഷൻ ലഭിക്കുന്നുണ്ട്. ഓരോ സ്ഥലങ്ങളിൽ നിന്നുള്ള കളക്ഷൻ ചുവടെ ചേർത്തിരിക്കുന്നു:

പാലക്കാട്	..	5,62,941
ചിറ്റൂർ	..	1,50,554
മണ്ണാർക്കാട്	..	82,422
വടക്കാഞ്ചേരി	..	68,604
		8,64,521

(ഡി) ഭൂരിപക്ഷം സർവ്വീസുകൾക്കും ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

GPM. 2/611/2012—14

LIBRARY ARCHIVES Kerala Legislative Assembly